(vi) യൂസുഫ്നബി

ഇസ്റാഈൽ സമുദായത്തിൽ പെട്ട ഒരു പ്രവാചകനാണ് യൂസുഫ് നബി. ഇബ്റാഹീംനബിയുടെ പുത്രനായ ഇസ്ഹാഖ്നബിയുടെ പൗത്രനാണ് അദ്ദേഹം. ക്രി.മു. 2000-ത്തിനോടടുത്താണ് അദ്ദേഹത്തിന്റെ ജീവിതകാലം. സഹോദരൻമാരുടെ അസൂയ മൂലം കിണറ്റിലെറിയപ്പെടുകയും പിന്നീട് ഈജിപ്തിലെ ഒരു പ്രഭുവിന്റെ അടിമയായി മാറുകയും ഒടുവിൽ പ്രഭുവിന്റെ ഭാര്യയുടെ പ്രേമാഭ്യർഥന നിരസിച്ചതിന്റെ പേരിൽ കാരാഗൃഹത്തിൽ അടക്കപ്പെടുകയും ചെയ്ത യൂസുഫ് ജയിലിൽ വെച്ചാണ് തന്റെ പ്രബോധന പ്രവർത്തനം ആരംഭിക്കുന്നത്. അല്ലാഹുവിന്റെ ഏകത്വവും ശിർകിന്റെ നിരാകരണവും പരലോക വിശ്വാസവുമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ പ്രബോധന വിഷയം. ജയിലിൽ വെച്ച് യൂസുഫ് നടത്തിയ പ്രബോധനം ഖുർആൻ ഇപ്രകാരം സംഗ്രഹിക്കുന്നു: ''അദ്ദേഹം പറഞ്ഞു: നിങ്ങൾക്ക് ലഭിക്കുന്ന ഭക്ഷണം വന്നെത്തുന്നതിന് മുമ്പായിതന്നെ ഇതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. എന്റെ നാഥൻ എന്നെ അഭ്യസിപ്പിച്ച അറിവുകളിൽ പെട്ടതാണത്. അല്ലാഹുവിൽ വിശ്വസിക്കാത്ത, പരലോകത്തെ നിഷേധിക്കുന്ന ജനതയുടെ മാർഗം ഞാൻ നിരാകരിച്ചിരിക്കുന്നു. എന്റെ പിതാക്കളായ ഇബ്റാഹീമിന്റെയും ഇസ്ഹാഖിന്റെയും യഅ്ഖൂബിന്റെയും മാർഗമാണ് ഞാൻ പിൻപറ്റിയിരിക്കുന്നത്. അല്ലാഹുവിനോടൊപ്പം പങ്കാളികളെ ആരോപിക്കാൻ ഞങ്ങൾക്കവകാശമില്ല. ഇത് അല്ലാഹു നമുക്കും മുഴുവൻ മനുഷ്യർക്കും നല്കിയ അനുഗ്രഹങ്ങളിൽ പെട്ടതാണ്. പക്ഷേ, അധികമാളുകളും നന്ദികാണിക്കുന്നില്ല. എന്റെ ജയിൽ കൂട്ടുകാരേ, വിഭിന്നങ്ങളായ യജമാനൻമാരാണോ ഉത്തമം? അതല്ല, എല്ലാവരെയും അതിജയിക്കുന്ന ഏകനായ അല്ലാഹുവോ? അവനെക്കൂടാതെ നിങ്ങൾ കീഴ്വണങ്ങുന്നവർ നിങ്ങളുടെ പൂർവ പിതാക്കൾ കല്പിച്ചുവെച്ച ചില പേരുകൾ മാത്രമാണ്. അല്ലാഹു അവർക്കതിന് ഒരു തെളിവും നല്കിയിട്ടില്ല. ശാസനാധികാരം അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. അവനെയല്ലാതെ അനുസരിക്കരുതെന്നവൻ ആജ്ഞാപിച്ചിരിക്കുന്നു. അതത്രേ ചൊവ്വായ ജീവിതമാർഗം. പക്ഷേ, അധികമാളുകളും ഇത് ഗ്രഹിക്കുന്നില്ല.''(യൂസുഫ് 37-40)

ദൈവദൂതനെന്ന നിലയിൽ യൂസുഫ് നിർവഹിച്ച രണ്ടാമത്തെ മുഖ്യ ദൗത്യം ഇസ്ലാമികാധ്യാപന പ്രകാരം ഈജിപ്തിന്റെ ഭരണം നിർവഹിച്ചു എന്നതാണ്. രാജാവിന്റെ സ്വപ്നത്തിന് ശരിയായ വ്യാഖ്യാനം നല്കുക വഴി അദ്ദേഹത്തിന്റെ മതിപ്പും ആദരവും ആർജിച്ച ശേഷം അനുയോജ്യമായ അവസരം ഉപയോഗപ്പെടുത്തി. പ്രവാചകനെന്ന നിലയിൽ തനിക്ക് ലഭിച്ച അറിവും സൂക്ഷ്മതയും ഉയർത്തിപ്പിടിച്ച് അവയുടെ വെളിച്ചത്തിൽ ഭരണം നടത്താൻ അനുവദിക്കണമെന്ന് യൂസുഫ് രാജാവിനോട് ആവശ്യപ്പെട്ടു. ''അദ്ദേഹം പറഞ്ഞു: നാട്ടിലെ ഭണ്ഡാരങ്ങളുടെ ഉത്തരവാദിത്വം എന്നെ ഏല്പിക്കുക. ഞാൻ അത് കാത്തുസൂക്ഷിക്കുന്നവനും അറിവുള്ളവനുമാകുന്നു''(യൂസുഫ് 55). ഏകദേശം 80 വർഷം യൂസുഫ് ഈജിപ്ത് ഭരിച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.